ക്കഴിഞ്ഞാൽ ഇതിനൊരു പരിഹാരം കാണാൻ കഴിയുമെന്ന് ഗവൺമെന്റ് കരുതുന്നു.

മി. സ്പീക്കർ: ചോദ്യം 490,

പരിസ്ഥിതി പ്രശ്നം

2 (*490) ശ്രീ. ജോണി നെല്ലൂർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക്കിന്റെ വ്യാപകമായ ഉപയോഗംമൂലം ഉണ്ടായിട്ടുള്ള പരിസ്ഥിതി പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഏതെങ്കിലും പ്രദേശത്ത് ഇപ്പോൾ പ്ലാസ്റ്റിക് നിരോധനം നിലവിലുണ്ടോ;

(സി) സംസ്ഥാനത്ത് മുഴുവനായി പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തുവാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യം സജീവമായി പരിഗണിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ,

(എ) ഉണ്ട്.

(ബി) ശബരിമലയിൽ പ്ലാസ്റ്റിക് സാമഗ്രികൾ പ്രത്യേകിച്ചും ക്യാരിബാഗുകൾ ഉപയോഗിക്കുന്നത് ഹൈക്കോടതി നിയോഗിച്ച സ്പെഷ്യൽ കമ്മീഷണർ നിരോധിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പ്ലാസ്റ്റിക് ക്യാരിബാഗുകൾ, കണ്ടെയിനേഴ്സ്, ഇവയുടെ നിരോധനം സംബന്ധിച്ച കാര്യങ്ങൾ കേന്ദ്രസർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 20-11-98-ൽ എസ്.ഒ. 980(ഇ) നമ്പർ പ്രകാരം പ്ലാസ്റ്റിക് ബാഗുകളുടെ കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ പ്ലാസ്റ്റിക് സഞ്ചികളുടെയും മറ്റും ഉപയോഗം നിരോധിക്കുന്ന കാര്യം പരിഗണിക്കാനാകൂ.

ശ്രീ. ജോണി നെല്ലൂർ: സർ, നമ്മുടെ സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ദോഷകരമായി ബാധിക്കുന്ന പരിസ്ഥിതി പ്രശ്നം ശരിയായി പഠിച്ച് നമ്മുടെ നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി ഒരു റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : ആ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടില്ലായെങ്കിലും തീർച്ചയായിട്ടും പരിസ്ഥിതി പ്രശ്നം ഉള്ളതുകൊണ്ട് കൊല്ലം ജില്ലയിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നഗരസഭ നിരോധിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നിരോധനം നിലനിർത്തുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ : സർ, ഇവിടെ ബഹുമാന്യമായ മുഖ്യമന്ത്രി 'ഡി' ചോദ്യത്തിനുള്ള മറുപടിയായി പറഞ്ഞത് ഈ പ്രശ്നം കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ് എന്നാണ്. പ്ലാസ്റ്റിക് ക്യാരിബാഗുകളുടെയും കണ്ടെയിനേഴ്സിന്റെയും നിരോധനം സംബന്ധിച്ച കാര്യങ്ങൾ കേന്ദ്രസർക്കാരിന്റെ പരിഗണനയിലിരിക്കുകയാണെന്നാണ് അദ്ദേഹം പറഞ്ഞത്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുന്നതുവരെ കാത്തിരിക്കേണ്ടതുണ്ടെന്നാണ് മുഖ്യമന്ത്രി ഇവിടെ മറുപടി പറഞ്ഞത്. എന്നാൽ മറ്റുള്ള സംസ്ഥാനങ്ങളിൽ ഉദാഹരണത്തിന് മഹാരാഷ്ട്രയിൽ കേന്ദ്രസർക്കാരിന്റെ അനുമതിയൊന്നും കൂടാതെ അവർ അവിടെ പ്ലാസ്റ്റിക് പരിപൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. മറ്റൊരു പ്രധാനപ്പെട്ട കാര്യമുള്ളത് പ്ലാസ്റ്റിക്കിന്റെ റീ-സൈക്കിളിംഗിനെക്കുറിച്ചാണ്. പ്ലാസ്റ്റിക് ക്യാരിബാഗുകളും അതുപോലുള്ള സാധനങ്ങളും റീ-സൈക്കിളിംഗ് നടത്തി അവ മാർക്കറ്റിൽ സുലഭമായി വരുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടല്ലോ, അങ്ങനെ റീ-സൈക്കിളിംഗിനുവേണ്ടി ഉപയോഗിക്കുന്ന പ്ലാസ്റ്റിക് രണ്ടാമത് റീ-സൈക്കിൾ ചെയ്യാൻ 'പ്ലാസ്റ്റിസൈസ്സർ' എന്നുപറയുന്ന കെമിക്കലാണ് ഉപയോഗിക്കുന്നത്. പ്ലാസ്റ്റിസൈസർ എന്നുപറയുന്ന ആ കെമിക്കൽ ഏറ്റവും കൂടുതൽ മാരകമായ ഒന്നാണ്. ക്യാൻസർപോലുള്ള രോഗങ്ങളുണ്ടാക്കുവാൻ ഇത് ഇടയാക്കുന്നു എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ? അതുകൊണ്ട് അടിയന്തിരമായി ഇതുപോലുള്ള കെമിക്കൽസ് ഉപയോഗിച്ച് പ്ലാസ്റ്റിക് റീ-സൈക്കിളിംഗ് നടത്തുന്ന നടപടി നിരോധിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ.കെ. നായനാർ : ഇതിൽ സെൻട്രൽ ഗവൺമെന്റിന്റെ 20.11.98-ലെ എസ്.ഒ.980(ഇ) നമ്പർ സർക്കുലർ പ്രകാരം പ്ലാസ്റ്റിക് ബാഗുകളുടെ നിരോധനം സംബന്ധിച്ച കരട് വിജ്ഞാപനം കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുണ്ട്. അതാണ് ഞാൻ നേരത്തെ ഇവിടെ പറഞ്ഞത്. അതുകൊണ്ട് നമുക്ക് മഹാരാഷ്ട്രയിലേതുപോലെ നിരോധിക്കാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കാം. അതുപോലെതന്നെ റീ-സൈക്കിളിംഗിന്റെ കാര്യം. അത് റീ-സൈക്കിളിംഗ് നടത്തുന്നത് എങ്ങനെയാണെന്ന് കണ്ടിട്ടില്ല. എന്തായാലും അക്കാര്യം ശാസ്ത്രജ്ഞന്മാരുടെ സഹായത്തോടെ നമുക്ക് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. എ. കണാരൻ : സർ, പരിസ്ഥിതി പ്രശ്നത്തിന് പ്ലാസ്റ്റിക് സഞ്ചികൾ ഒരു പ്രധാനഘടകമാണെന്നത് എത്രത്തോളം ശരിയാണെന്ന് വിശദീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : സർ, പ്ലാസ്റ്റിക് സഞ്ചികളും മറ്റും ഉപയോഗിച്ചതിനുശേഷം എവിടെയെങ്കിലും വലിച്ചെറിയുന്നത് ചപ്പുചവറുകൾക്കിടയിൽ കിടന്ന് വെള്ളവും ബാക്ടീരിയയും സഞ്ചരിക്കുന്നത് തടയുന്നു. അതുകാരണം വെള്ളം കെട്ടിക്കിടക്കുകയും തന്മൂലം ജൈവീകജീർണ്ണം തടസ്സപ്പെടുകയും ചെയ്യുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.

ശ്രീ. ജി. കാർത്തികേയൻ : സർ, നമ്മുടെ പരിസ്ഥിതി പ്രശ്നവുമായി ബന്ധപ്പെട്ട് ഒരു ബോധവൽക്കരണം നടത്തണം. നമ്മുടെ കേരളത്തിലെ സാംസ്കാരിക നായകന്മാർ ഉൾപ്പെടെയുള്ള ആളുകൾ സൈലന്റ് വാലിയിലെ സിംഹവാലൻ കുരങ്ങിനേയും പൂയംകുട്ടി പദ്ധതിയേയും മാത്രമേ കണ്ടിട്ടുള്ളൂ. ഇവിടെ ധാരാളം രാഷ്ട്രീയ പ്രസ്ഥാനങ്ങളും, മതസംഘടനകളും, സാംസ്ക്കാരിക സംഘടനകളുമുള്ള സംസ്ഥാനമാണ്. ഇന്ന് കേരളത്തിൽ

അത്തരം പ്രസ്ഥാനങ്ങളുടെ സമരങ്ങൾക്കും മറ്റുമൊക്കെ പൂക്കൾ ഉപയോഗിക്കുന്ന സിസ്റ്റമൊക്കെ മാറിയിട്ട് പ്ലാസ്റ്റിക് കവറുകളെടുത്ത് ഊതിവീർപ്പിച്ചിട്ടാണ് കേരളം മുഴുവൻ അലങ്കരിക്കുന്നത്. അതുകൊണ്ട് ആളുകൾ ഉപയോഗിക്കുന്നതുമാത്രമല്ല നാടും നഗരവും നിറച്ച് പ്ലാസ്റ്റിക് കവറുകളാണ്. അതാണൊരു പുതിയ പ്രശ്നം. നഗരങ്ങളിൽ ഒരു സമ്മേളന പരിപാടി കഴിയുമ്പോൾ, എല്ലാ പാർട്ടികളുമുൾപ്പെടെയുള്ള പാർട്ടികളുടെ സമ്മേളനം കഴിയുമ്പോൾ കവലകളിലും പാതയോരങ്ങളിലും പ്ലാസ്റ്റിക് കവറുകൾ കൂമ്പാരമായി കിടക്കുന്ന ഒരു സ്ഥിതി കേരളത്തിലുണ്ടായിട്ടുണ്ട്. അടിയന്തിരമായി ഇതിന് എതിരായി നടപടി സ്വീകരിക്കുമോ? ഞാൻ പറഞ്ഞ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : കോടതി ചില സ്ഥലത്തൊക്കെ നിരോധിച്ച കാര്യം ആദ്യം പറഞ്ഞു. പക്ഷെ കേരളത്തിൽ ഇത് വർദ്ധിച്ചുവരുന്നുവെന്നുള്ളത് സത്യംതന്നെ. കാരണം ലോഹങ്ങൾ, തടി, പേപ്പർ ഈ വസ്തുക്കളേക്കാൾ പ്ലാസ്റ്റിക്കിനുള്ള ഗുണമഹിമകളാണ് ഇതിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് കാരണം. അതുപോലെ തന്നെ അതിന്റെ കനക്കുറവും, ആകർഷണശക്തിയുമാണ് ഇതിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് കാരണമായിട്ടുള്ളത്. മറ്റു ക്യാരിബാഗുകളുടെ വസ്തുക്കൾകൊണ്ടാണ് ഇതും നിർമ്മിച്ചിട്ടുള്ളത്. ഓക്സിജനും ഹൈഡ്രജനും കൊണ്ടാണ് ഇത് നിർമ്മിച്ചിട്ടുള്ളത്. ഇവ കത്തിച്ചാൽ താപനില ഉയരും. കത്തിച്ച് നശിപ്പിക്കാനും കഴിയുകയില്ല. പക്ഷെ ബോധവൽക്കരണം വേണമെന്നാണ് കാർത്തികേയൻ ഇവിടെ പരാമർശിച്ചത്. റീ-സൈക്കിളിംഗിന് ഉപയോഗിക്കുന്ന കെമിക്കൽ മാരകമാണെന്ന് ഇവിടെ പറയുകയുണ്ടായി. അതെല്ലാം പരിശോധിക്കുന്നതോടൊപ്പം ബോധവൽക്കരണവും വളരെ ആവശ്യമാണ്. ഇപ്പോൾ ഇത് ചുരുങ്ങിയ വിലയ്ക്ക് കിട്ടുന്നതുകൊണ്ടും ആകർഷണമുള്ളതുകൊണ്ടും തടി, പേപ്പർ എന്നീ വസ്തുക്കളെക്കാൾ പ്ലാസ്റ്റിക്കിന് ഉറപ്പുള്ളതുകൊണ്ടും വാങ്ങുന്നു. ഇത്തരത്തിൽ ഒരു സാഹചര്യമുള്ളതുകൊണ്ടാണ് കേരളത്തിൽ പ്ലാസ്റ്റിക് സഞ്ചികൾ വർദ്ധിച്ചുവരുന്നത്. തീർച്ചയായിട്ടും ഒരു ബോധവൽക്കരണം ആ കാര്യത്തെ സംബന്ധിച്ച് ഉണ്ടാകണം. അത് നശിപ്പിക്കണമെന്നുള്ള കാര്യത്തിൽ തർക്കമില്ല. എങ്ങനെയാണ് നശിപ്പിക്കേണ്ടത് എന്നതിനെക്കുറിച്ചു നോക്കാം. കേരളത്തിൽ ഇത് വർദ്ധിച്ചു വരുകയാണ്.

<u>പ്രൊഫ. എ.വി. താമരാക്ഷൻ</u> : സർ, ഇൻഡ്യയിൽ മഹാരാഷ്ട്ര, ഹരിയാന, ഹിമാചൽ പ്രദേശ് എന്നീ പല സംസ്ഥാനങ്ങളിലും ഇപ്പോൾതന്നെ ക്യാരിബാഗ് പൂർണ്ണമായും നശിപ്പിച്ചിരിക്കുകയാണ്. കേരളത്തിൽ ഇന്ന് പ്രത്യേകമായ ഒരു സംസ്ക്കാരം വളർന്നുവരുകയാണ്. കടകളിൽ പോകുന്ന നമ്മുടെ വീട്ടമ്മമാരായാലും മറ്റുള്ളവരായാലും ഒരു ദിവസം നാല് മുതൽ ഇരുപത് വരെ പ്ലാസ്റ്റിക് കവറുകളുമായാണ് ഓരോ വീട്ടിലും വരുന്നത്. പാൽവാങ്ങുന്നതും പച്ചക്കറി വാങ്ങുന്നതും മത്സ്യം വാങ്ങുന്നതുമൊക്കെ പ്ലാസ്റ്റിക് കവറുകളിലാണ്. ഈ കവറുകളെല്ലാം ഉപയോഗത്തിനുശേഷം വലിച്ചെറിയുകയാണ്. വളരെ കുറച്ചുമാത്രം ഭൂമിയുള്ള ഈ കേരളത്തിന്റെ മുകൾപരപ്പ് മുഴുവൻ പ്ലാസ്റ്റിക്കുകൾകൊണ്ട് മൂടപ്പെട്ടിരിക്കുകയാണ്. മഴപെയ്താൽ വെള്ളം ഭൂമിക്കടിയിൽ പോകുകയില്ല. നമ്മുടെ പരിസ്ഥിതിക്ക് വലിയ കോട്ടമുണ്ടാക്കുന്നു. തിരുവനന്തപുരം മ്യൂസിയത്തിൽ ഒരു മാൻ ചത്തപ്പോൾ അഞ്ചര കിലോ പ്ലാസ്റ്റിക്കിന്റെ അംശം അതിന്റെ ശരീരത്തിലുണ്ടായിരുന്നു. അതുപോലെ ശബരിമലയിൽ എട്ട് ആന മരിച്ചപ്പോൾ പതിനേഴ് കിലോ പ്ലാസ്റ്റി

LIBRARY ARCHIVES Kerala Legislative Assembly

ക്കിന്റെ അംശമുണ്ടായിരുന്നു. അപ്പോൾ കന്നുകാലികൾക്കടക്കം ആയുസ്സില്ലാതെ മരിക്കുന്ന ഒരു സ്ഥിതിയുണ്ടായിരിക്കുന്നു. ഈ അവസരത്തിൽ ഏറ്റവും അടിയന്തിരമായി അത് നിരോധിക്കുന്ന കാര്യം ഗൗരവതരമായി പരിഗണിക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : കേരളത്തിലും തടഞ്ഞിട്ടുണ്ട്. ശബരിമലയിൽ ഹൈക്കോടതിവിധിയനുസരിച്ച് നിയന്ത്രണമുണ്ട്. അതുപോലെ കൊല്ലം നഗരാതിർത്തിക്കുള്ളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ ഇല്ല എന്നല്ല, ഹരിയാന, മഹാരാഷ്ട്ര, അവിടെയൊക്കെ ഉണ്ടോ എന്നറിയില്ല. അത് പരിശോധിച്ച് നോക്കാം. പരിശോധിച്ച് അവിടെയുള്ള നടപടിക്രമങ്ങൾ ശരിയാണെങ്കിൽ നമ്മുടെ സംസ്ഥാനത്തും നടപ്പാക്കാം. അതിനുള്ള നടപടി ഇവിടെയും തുടങ്ങിയിട്ടുണ്ട്. ശബരിമലയിലും കൊല്ലം നഗരാതിർത്തിക്കുള്ളിലും പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിന് അവരും നടപടിയെടുത്തിട്ടുണ്ട്. ഇത്തരത്തിൽ നമുക്കും തുടരാം.

<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> : സർ, വർഷങ്ങളായി നമ്മുടെ സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യത്തെക്കുറിച്ച് സഭയുടെ ഇരുഭാഗത്തുള്ളവരും ശബ്ദമുയർത്തിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് ഇതിനൊരു കരട് ബിൽ അവതരിപ്പിക്കുന്നതിനുവേണ്ടി തയ്യാറായിരിക്കുന്നുവെന്നുള്ളത് ശരിയാണ്. പക്ഷെ അതേയവസരത്തിൽ ഇത് നീണ്ടുനീണ്ടുപോകുകയും മാലിന്യം കൊണ്ട് ഭയാനകമായ ഭവിഷ്യത്തുകളുണ്ടാകുകയും ചെയ്യുന്ന സാഹചര്യത്തിൽ ഗവൺമെന്റ് ഇക്കാര്യത്തിൽ താല്പര്യമെടുത്ത് മറ്റുചില സംസ്ഥാനങ്ങളിലുണ്ടാക്കിയതുപോലെ ഒരു നിയമമുണ്ടാക്കുന്നതിന് പ്രത്യേകം താൽപ്പര്യമെടുത്തുകൂടെ?

<u>ശ്രീ. ഇ.കെ. നായനാർ</u> : അതിന്റെ ഉത്തരം ഞാൻ നേരത്തെ പറഞ്ഞു.

<u>ശ്രീ. ജോസ് ബേബി</u> : സർ, നമ്മുടെ സംസ്ഥാനത്ത് ചൂടുള്ള ഭക്ഷണ സാധനങ്ങൾ പലതും ചായയായാലും, കാപ്പിയായാലും അങ്ങനെയുള്ള കുറെ സാധനങ്ങൾ ഡിസ്പോസബിൾ പ്ലേറ്റിലാണ് കൊടുക്കുന്നത്. സ്വാഭാവികമായും ഇവിടെ പറഞ്ഞതുപോലെ മനുഷ്യർക്കുണ്ടാകുന്ന രോഗങ്ങളും പ്രശ്നങ്ങളുമെല്ലാം ഇവിടെ ചർച്ച ചെയ്യപ്പെട്ടു. അതുകൊണ്ട് വളരെ നിർബന്ധമായും നമുക്ക് ചെയ്യാവുന്നത് ഇത്തരം പ്ലാസ്റ്റിക് കപ്പുകളിലും, പാത്രങ്ങളിലും ഭക്ഷണം കൊടുക്കുന്നത് ശക്തമായി നിരോധിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ഇതിനും നേരത്തെ ഉത്തരം പറഞ്ഞതാണ്. മറ്റൊന്നു കൂടി പറയാം. നമ്മുടെ നിയമസഭയുടെ പരിസ്ഥിതി സമിതിയുടെ ശുപാർശ നടപ്പാക്കുന്നതോടനുബന്ധിച്ച് നടപടി സ്വീകരിക്കാം.

<u>ശ്രീ. ബി. വിജയകുമാർ</u>: സർ, മുഖ്യമന്ത്രിയുടെ മറുപടിയിൽ വിശദമായ ചർച്ചകൾക്കുശേഷം നിരോധനമേർപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കാമെന്നാണ് പറഞ്ഞത്. തിരുവനന്തപുരം മൃഗശാലയിൽ ബാംഗ്ലൂരിൽ നിന്നും കൊണ്ടുവന്ന ഒരു വെള്ളമാൻ ചത്തു. ചായകുടിക്കുന്ന ഗ്ലാസ്സുകളും, ഐസ്ക്രീം കഴിച്ചിട്ട് കളയുന്ന കപ്പുകളും ഉള്ളിൽ ചെന്ന് അപ്പെൻഡിസൈറ്റീസ് പോലുള്ള രോഗം പിടിപ്പെട്ട് രണ്ട് മൃഗങ്ങൾ മരണപ്പെട്ടു. അതുകൊണ്ട് ശബരിമലയിൽ പിന്തുടരുന്ന പാത മൃഗശാലകളിലും സ്വീകരിക്കുമോ? നമ്മൾ മറ്റുസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മൃഗങ്ങളാണ്. മൃഗശാലകളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ: ആലോചിക്കാവുന്നതാണ്.

ശ്രീ. സി.കെ. രാജേന്ദ്രൻ: സർ, കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ളതായി പറയപ്പെടുന്ന കരടു വിജ്ഞാപനത്തിൽ ക്യാരിബാഗുകളെ സംബന്ധിച്ചുൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ: ക്യാരിബാഗുകൾക്ക് 25 മൈക്രോ ഘനം വേണമെന്ന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള കരടുവിജ്ഞാപനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീ. കെ.സി. ജോസഫ്: സർ, നഗരങ്ങളിൽ പ്ലാസ്റ്റിക് ക്യാരിബാഗ് ഉൾപ്പെടെയുള്ള വേസ്റ്റ് ഡിസ്പോസൽ ഇപ്പോൾ വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. ചില നഗരസഭകൾ മുൻകൈയെടുത്തുകൊണ്ട് അതിനുവേണ്ടി പദ്ധതികൾ നടപ്പാക്കുന്നുണ്ട്. അങ്ങനെയുള്ള നഗരസഭകൾക്കും പഞ്ചായത്തുകൾക്കും ഗവൺമെന്റ് ആവശ്യമായ സാമ്പത്തിക സഹായവും പിൻബലവും കൊടുത്തുകൊണ്ട് നഗരത്തിലെ വേസ്റ്റ് ഡിസ്പോസലിന് ഒരു പ്രത്യേക പദ്ധതി ഉണ്ടാക്കുമോ?

ശ്രീ. ഇ.കെ. നായനാർ: ചോദ്യം ഇതുമായി ബന്ധപ്പെട്ടതല്ല. നഗരത്തിലെ വേസ്റ്റിനെ സംബന്ധിച്ചാണ് ചോദ്യം. നിങ്ങളുടെ ഈ ചോദ്യം ഇവിടത്തെ മേയറുടെ ശ്രദ്ധയിൽപ്പെടുത്താം.

ശ്രീ. കെ.പി. രാജേന്ദ്രൻ: സർ, ഏറ്റവും സൗകര്യപ്രദമായി ഉപയോഗിക്കാൻ കഴിയുന്നതാണ് പ്ലാസ്റ്റിക് ബാഗുകൾ എന്നതുകൊണ്ട് ജനങ്ങളെ പെട്ടെന്ന് ഇതിന്റെ ഉപയോഗത്തിൽ നിന്നും മാറ്റിയെടുക്കാൻ കഴിയുകയില്ല. അതിനുപകരം സാധനങ്ങൾ വാങ്ങിക്കൊണ്ടുവരാൻ കഴിയുന്ന വിധത്തിൽ വിലകുറഞ്ഞ തുണികൊണ്ടുള്ള സഞ്ചികൾ, വടക്കൻ കേരളത്തിൽ കിട്ടുന്ന കവുങ്ങിന്റെ പാള കൊണ്ട് ഉണ്ടാക്കാവുന്ന പാത്രങ്ങൾ എന്നിവ ഉണ്ടാക്കാനുള്ള നടപടി എടുക്കാൻ കഴിയുമോ; അത്തരം നടപടികൾ ഉണ്ടായാലേ ഇതിന്റെ നിരോധനം ഫലപ്രദമായി എത്തിക്കാൻ കഴിയുകയുള്ളൂ, അതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. ഇ.കെ. നായനാർ: തീർച്ചയായും ആലോചിക്കാം.

മി. സ്പീക്കർ: ചോദ്യം 491.

ക്ഷയരോഗ നിവാരണം

3 (*491) ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. പി.കെ. കുമാരൻ:
ശ്രീ. പി. രാഘവൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. നാരായണൻ(കുഴൽമന്ദം) : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷയരോഗ നിവാരണത്തിന് നിലവിലുള്ള ഊർജ്ജിത പരിപാടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly